പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5262 24/10/2011 ൽ മറുപടിയ്ക്ക്

# ആദിവാസി ക്ഷേമ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീമതി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ആദിവാസി ക്ഷേമ പ്രവർത്തനത്തിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികൾ ആരംഭിച്ചു; വിശദാംശങ്ങൾ നൽകുമോ; | (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി കാലാകാലങ്ങളായി നടപ്പിലാക്കി വരുന്ന പദ്ധതികൾക്കു പുറമെ ഈ സർക്കാർ അധികാരമേറ്റശേഷം 100 ദിവസത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി താഴെപറയുന്ന പദ്ധതികൾ കൂടി നടപ്പിലാക്കി വരുന്നു.<br>1. <u>അവിവാഹിതരായ അമ്മമാരുടെ പുനരധിവാസം:-</u><br>സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 935 അവിവാഹിതരായ അമ്മമാരുള്ളതായി കണക്കാക്കിയിട്ടുണ്ട്. ഇവർക്ക് ഭവനനിർമ്മാണത്തിനും, തയ്യൽമെഷീൻ , തയ്യൽ പരിശീലനം, ആട്ട വളർത്തൽ, പെട്ടിക്കട, പശുവളർത്തൽ, കോഴി വളർത്തൽ, തുടങ്ങിയ പദ്ധതികൾ നടപ്പാക്കുന്നതിനായി അനുവദിച്ച 689.08 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് വിവിധ ജില്ലകളിലുള്ള അവിവാഹിതരായ അമ്മമാർക്കുള്ള പ്രതിമാസ പെൻഷൻ 300 രൂപയിൽ നിന്നും 1000 രൂപയായി വർദ്ധിപ്പിച്ചു. |

2. സൈക്കിൾ വിതരണ പദ്ധതി.

സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന 8-ാം ക്ലാസ് വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങുന്നതിന് 3000/- രൂപ നിരക്കിൽ ഗ്രാന്റ് അനുവദിച്ചു. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം വയനാട് ജില്ലയിലെ പനമരം ഗ്രാമപഞ്ചായത്തിൽ വച്ച് 16/9/2011 ൽ നിർവ്വഹിച്ചു. ഈ പദ്ധതിയുടെ ചെലവ് 186.72 ലക്ഷം രൂപയാണ്. നടപ്പു സാമ്പത്തികവർഷം തന്നെ ഈ പദ്ധതി പൂർത്തീകരിക്കുന്നതാണ്.

3. ഭവന നിർമ്മാണം.

സംസ്ഥാനത്ത് ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ള 2571 വീടുകളിൽ 270 കുടുംബങ്ങൾക്കുള്ള വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.

4. റേഷൻ കാർഡ് വിതരണം.

സംസ്ഥാനത്ത് സ്വന്തമായി റേഷൻകാർഡില്ലാത്ത 1854 കുടുംബങ്ങൾക്ക് റേഷൻ കാർഡ് നൽകി.

5. MRS ഹോസ്റ്റലുകളിൽ ലൈബ്രറി സംവിധാനം ഏർപ്പെടുത്തൽ.

107 പ്രീമെട്രിക് ഹോസ്റ്റലുകൾ, 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, 18 MRS കൾ, എന്നിവിടങ്ങളിൽ ലൈബ്രറി സംവിധാനം മെച്ചപ്പെടുത്തുന്നതിനായി 81.39 ലക്ഷം ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്.

6. ജീവനോപാധി പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

7. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ഭാഗമായി പ്രാക്തനഗോത്ര വർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യം, പരിസ്ഥിതി പരിപാലനം, വിദ്യാഭ്യാസം, കുടിവെള്ളം,

| | | | |
|---|---|---|---|
| | | | പോഷകാഹാരം, ഭവന നിർമ്മാണം, വൈദ്യുതീകരണം, റോഡ് നിർമ്മാണം, ഭൂമി വാങ്ങി നൽകൽ എന്നിവയ്ക്കായി 148 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2011-ൽ ആരംഭിച്ച് 2014-15 വർഷത്തിലാണ് ഈ പദ്ധതി പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. |
| (ബി) | ഭാവിയിൽ ഈ രംഗത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെ; അതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ; | (ബി) | 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ കഴിയാതിരുന്ന പദ്ധതികളെല്ലാം സർക്കാരിന്റെ ഒരു വർഷത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ആദിവാസികളിൽ ഭൂരഹിതർക്ക് ഭൂമി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ പ്രദേശങ്ങളിൽ, എത്ര ഭൂമി വീതം നൽകാനാണ് ഉദ്ദേശിക്കുന്നത്; | (സി) | ഭൂരഹിതരായ എല്ലാ ആദിവാസികൾക്കും ഭൂമി നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സർക്കാരിന്റെ കൈവശമുള്ള ഭൂമിയുടേയും മിച്ച ഭൂമിയുടേയും, പുറമ്പോക്ക് ഭൂമിയുടേയും ലഭ്യത അനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭൂമി ലഭ്യമായിട്ടുള്ള സ്ഥലങ്ങളിൽ അനുവദിക്കുന്നതാണ്. |
| (ഡി) | വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി ആദിവാസി വിദ്യാർത്ഥികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ നൽകാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ; | (ഡി) | ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഇ) | മഹിളാശിക്ഷൻ കേന്ദ്രവും ഷോർട്ട് സ്റ്റേ ഹോമും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതു വഴി ലക്ഷ്യമിടുന്ന കാര്യങ്ങൾ എന്തൊക്കെ ? | (ഇ) | ഉണ്ട്. ഇതിനകം ഒരു ഷോർട്ട് സ്റ്റേ ഹോം, മഹിളാ ശിക്ഷക് കേന്ദ്ര എന്നിവ കാസർഗോഡ് ജില്ലയിലെ പരപ്പ ബ്ലോക്കിൽ ആരംഭിച്ചു. ഇത് കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.